**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **10-06-2021 - ൽ മറുപടിയ്ക്ക്**

**വളക്കൈ - കൊയ്യം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ വളക്കൈ -കൊയ്യം റോഡ്, 2021-22 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ കരുവഞ്ചാൽ പാലം എന്നിവയുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലെത്തിയെന്ന് വെളിപ്പെടുത്താമോ; | (എ) | വളക്കൈ - കൊയ്യം - വേളം - മയ്യിൽ റോഡ് പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പുതുക്കി സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2021-22 ബജറ്റിൽ കരുവഞ്ചാൽ പാലത്തിന് 600 ലക്ഷം രൂപയുടെ അടങ്കൽ തുകയ്ക്കായി 120 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ഏറ്റവും ഉയർന്ന ജലനിരപ്പിനനുസരിച്ച് പൊതുമരാമത്ത് വകുപ്പ് രൂപകൽപന വിഭാഗം പുതുക്കി നൽകുന്ന രൂപരേഖ ലഭ്യമാകുന്നതിന് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇവയുടെ പ്രവർത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | ഭരണാനുമതിയാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ